കാഴ്ചയുടെ നിറപ്പകിട്ടുകളും ജീവന്റെ സത്തയും ചോർന്നുപോയ, ഒരു ജനതയാൽ തന്നെ പരിത്യജിക്കപ്പെട്ട ഭാരതപ്പുഴയെന്ന മഹാപ്രവാഹത്തിന്റെ ദുര്യോഗങ്ങളെപ്രതിയുള്ള വേവലാതിയിൽനിന്ന് രൂപംകൊണ്ട സ്ഥാപനമാണ് നിള ഫൗണ്ടേഷൻ. കേരളത്തിലെ പുഴകളോട് അടുപ്പം തോന്നുന്ന, അവയുടെ ദുരിതങ്ങളിൽ പരിതപിക്കുന്ന, എന്തെങ്കിലും ആർത്ഥവത്തായി മലയാളത്തിലെ പുഴകൾക്കുവേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾക്കായി ഒരു പൊതുവേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ പ്രവർത്തനമാരംഭിച്ചത്.

കേരളത്തിലെ പുഴകളുടെ പാരിസ്ഥിതികശോഷണത്തെ കുറിച്ച് ചരിത്രപരമായ അന്വേഷണം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു പഠനം അഞ്ചുവർഷം മുമ്പ് ഞങ്ങൾ ഏറ്റെടുത്തിരുന്നു. പ്രസ്തുത പഠനം പുസ്തകമായി താമസിയാതെ പ്രസിദ്ധീകരിക്കാൻ പോവുകയാണ്. നാനൂറോളം പേജുകളും 14 അദ്ധ്യായങ്ങളുമുള്ള **പുഴ മലയാളം** എന്നു പേരിട്ടിരിക്കുന്ന ഈ പുസ്തകത്തിന്റെ നിർമ്മാണ-പ്രസാധനപ്രക്രിയയിൽ ജനകീയപങ്കാളിത്തം കഴിവതും ഉറപ്പുവരുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ആയതിലേക്കുള്ള ഒരു ചുവടുവെപ്പെന്ന നിലയിൽ ഓരോ അദ്ധ്യായത്തിന്റെ തുടക്കത്തിലും ജീവസ്പർശിയായ ചിത്രങ്ങൾ ചേർക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. അതിനായി ആഗോളാടിസ്ഥാനത്തിൽ ഒരു ചിത്രരചനാ മത്സരം സംഘടിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്.

**എന്റെ പുഴ** എന്നതാണ് മത്സര വിഷയം. ഇത് പുഴയുമായി ബന്ധപ്പെട്ട മനോഹരങ്ങളായ അനുഭവങ്ങളുടെയോ കാഴ്ചകളുടെയോ പ്രതിഫലനങ്ങളോ, പുഴകളുടെ പാരിസ്ഥിതികദുരന്തം ചിത്രീകരിക്കുന്നവയോ ആകാം. ആകെ ലഭിക്കുന്ന എൻട്രികളിൽനിന്ന് മൂന്നു വിഭാഗങ്ങളിലായി മികച്ച 14 ചിത്രങ്ങൾ തിരഞ്ഞെടുത്ത് അവ പുസ്തകത്തിൽ ചേർക്കും. കൂടാതെ സമ്മാനാർഹരാകുന്ന ആളുകൾക്കായി നിളയുടെ സംസ്കാരവും ചരിത്രവും പരിസ്ഥിതിയും അറിയുവാനും അനുഭവിക്കാനുമായി ഒരു പുഴയാത്രയും ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്. ഫൗണ്ടേഷൻ ചുമതലപ്പെടുത്തുന്ന ഒരു വിദഗ്ധ സമിതിയായിരിക്കും സമ്മാനാർഹമായ ചിത്രങ്ങൾ തിരഞ്ഞെടുക്കുക. ലഭിക്കുന്ന എൻട്രികളിൽനിന്ന് തിരഞ്ഞെടുത്ത ചിത്രങ്ങൾ പുസ്തകം പ്രസിദ്ധീകരിക്കുന്ന വേളയിൽ തിരൂർ തുഞ്ചൻപറമ്പിൽവെച്ച് പ്രദർശിപ്പിക്കുന്നതുമാണ്.

കുട്ടികൾക്കും വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പ്രായമായവർക്കും മത്സരത്തിൽ പങ്കെടുക്കാം. മൂന്നു വിഭാഗങ്ങളിലായിട്ടാണ് മത്സരം. 10 വയസിനു താഴെ, 10 നും 18 നും ഇടയിൽ, 18 വയസിനുമേൽ എന്നിങ്ങനെമൂന്നു വിഭാഗങ്ങളിലായിട്ടായിരിക്കും മത്സരം. 10 ഇഞ്ച് x 8 ഇഞ്ച് വലിപ്പത്തിലുള്ള വെളുത്ത ഡ്രോയിങ്ങ് ഷീറ്റിൽ കറുത്ത മഷിയിൽ വരച്ച ചിത്രങ്ങളാണ് (ink and pen drawing) അയക്കേണ്ടത്. കമ്പ്യൂട്ടറിൽ വരയ്ക്കുന്ന ആളുകൾക്ക് സമാനവലിപ്പത്തിലുള്ള എൻട്രികൾ ഇമെയിൽ ചെയ്യാവുന്നതാണ്. ഒരാൾക്ക് മൂന്ന് എൻട്രികൾ വരെ അയക്കാം. അയക്കുന്ന ചിത്രത്തോടൊപ്പം അത് വരയ്ക്കാനുണ്ടായ സാഹചര്യത്തെ കുറിച്ച് 500 വാക്കിൽ കവിയാത്ത ഒരു കുറിപ്പ് വെക്കാൻ താത്പര്യപ്പെടുന്നു. കൂടാതെ ചിത്രം മൗലികമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കണം. എൻട്രികൾ ലഭിക്കേണ്ട അവസാനതിയതി ഏപ്രിൽ 25 ആണ്. എൻട്രി ഫോമിനും നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കും nilafoundation.org എന്ന വെബ്സൈറ്റ് നോക്കുക.

**ചിത്രങ്ങൾ അയക്കേണ്ട വിലാസം**

Nila Foundation
c/o. SMAAS Travals and Tours, Kandath Complex
Poongottukulam, Tirur- 676101
Malppuram(Dist), Kerala
ph: 9446280603 ; 9605396238
Email: nilafoundation.org

**നചബന്ധനകൾ**

1. വിദഗ്ധ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

2. അയക്കുന്ന ചിത്രങ്ങൾ മൗലികമല്ലെന്ന് ബോധ്യപ്പെട്ടാൽ തിരസ്കരിക്കാനുള്ള അധികാരം സമിതിക്കുണ്ടായിരിക്കും.

3. ചിത്രകാരന്റെ/ചിത്രകാരിയുടെ വയസ് തെളിയിക്കുന്ന രേഖ നിർബന്ധമായും ചിത്രത്തോടൊപ്പം വെച്ചിരിക്കണം.

4. എൻട്രികൾ തിരിച്ചു നൽകുന്നതല്ല.

5. സമ്മാനാർഹമാകുന്നതുൾപ്പെടെയുള്ള ചിത്രങ്ങളുടെ പൂർണമായ അവകാശം നിളാ ഫൗണ്ടേഷനായിരിക്കും.

6. സമ്മാനാർഹമാകുന്ന 14 ചിത്രങ്ങൾ ഏതു രൂപത്തിലും പുസ്തകത്തിൽ ഉപയോഗിക്കുന്നതിനുള്ള അവകാശം നിളാ ഫൗണ്ടേഷനുണ്ടായിരിക്കും. ആവശ്യമെങ്കിൽ സമ്മാനാർഹമല്ലാത്ത ചിത്രങ്ങളും പുസ്തകത്തിൽ ചേർക്കുന്നതിനുള്ള സ്വാതന്ത്ര്യം നിളാ ഫൗണ്ടേഷനുണ്ടായിരിക്കും.

7. മത്സരത്തിന് അയക്കപ്പെടുന്ന ഏതൊരു ചിത്രവും ലോകത്തെവിടെയും പ്രദർശിപ്പിക്കുന്നതിനുള്ള അവകാശവും നിളാ ഫൗണ്ടേഷനുണ്ടായിരിക്കും.

# എൻട്രി ഫോം

പേര് :

വയസ് :

പുരുഷൻ/സ്ത്രീ :

തൊഴിൽ :

പൂർണമായ മേൽവിലാസം :
(ഫോൺ നമ്പർ, ഇമെയിൽ അഡ്രസ് സഹിതം)

അയക്കുന്ന എൻട്രികളുടെ എണ്ണം :

ചിത്രം വരയ്ക്കാനുണ്ടായ സാഹചര്യം :
(പ്രത്യേകം ഷീറ്റ് ഉപയോഗിക്കുക)

## സത്യപ്രസ്താവന

ഇതോടൊപ്പം അയക്കുന്ന ചിത്രം/ചിത്രങ്ങൾ എന്റെ മൗലിക സൃഷ്ടിയാണെന്ന് ഞാൻ സ്വയം സാക്ഷ്യപ്പെടുത്തുന്നു. നിളാ ഫൗണ്ടേഷൻ നടത്തുന്ന ചിത്രരചനാ മത്സരത്തിന്റെ നിബന്ധനകൾ സശ്രദ്ധം വായിച്ചു നോക്കി ബോദ്ധ്യപ്പെട്ടശേഷം അവ പൂർണമായും അംഗീകരിക്കുന്നതായും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഒപ്പ്

തിയതി :

പേര്